# ജുമുഅ നമസ്കാരം

വെള്ളിയാഴ്ച അനുഗൃഹീതമായ ഒരു സുദിനമാണ്. അതു സംബന്ധിച്ച് വിശുദ്ധഖുർആനിൽ 'സൂറത്തുൽജുമുഅ' എന്ന പേരിൽ ഒരധ്യായം തന്നെയുണ്ട്. വെള്ളിയാഴ്ച മധ്യാഹ്ന നമസ്കാരത്തിന്നായി ബാങ്കുകൊടുത്താൽ എല്ലാ ജോലികളും നിറുത്തിവച്ച് ഉടനെ പള്ളിയിൽ സമ്മേളിക്കുകയും ജുമുഅ നമസ്കാരം നിർവഹിക്കുകയും ചെയ്യണമെന്ന് അതിൽ കല്പിച്ചിരിക്കുന്നു. ജുമുഅ മനഃപൂർവം ഉപേക്ഷിക്കുന്നവൻ വലിയ പാപിയാകുന്നു. അത് നിർവഹിക്കുകയും അതിന്റെ ഖുത്ബ ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്യണമെന്ന് ഖുർആനിൽ വളരെ ശക്തിയായി ആജ്ഞാപിച്ചിരിക്കുന്നു.

റസൂൽ തിരുമേനി, വെള്ളിയാഴ്ച ദിവസം സുബ്ഹി നമസ്കാരത്തിൽ 'ഫാത്തിഹ'യ്ക്ക്ശേഷം ഒന്നാമത്തെ റക്അത്തിൽ സൂറ സജ്ദയും രണ്ടാമത്തെ റക്അത്തിൽ 'സൂറത്തുദ്ദഹ്റും' ഓതാറുണ്ടായിരുന്നു.

രോഗികൾ, യാത്രക്കാർ, സ്ത്രീകൾ, കുട്ടികൾ, അന്ധന്മാർ, ബന്ധനസ്ഥർ എന്നിവരൊഴിച്ച് മറ്റെല്ലാവർക്കും ജുമുഅ നമസ്കാരം നിർബന്ധമാകുന്നു. എന്നാൽ, ഇവരും ജുമുഅയിൽ പങ്കുകൊള്ളുകയാണെങ്കിൽ അത് വളരെ നല്ല പുണ്യകർമമായിരിക്കും.

ജുമുഅ നമസ്കാരത്തിന് പള്ളിയിൽ ചെന്നാൽ ഒഴിവുള്ള സ്ഥലത്ത് ഇരിക്കേണ്ടതാണ്. ആളുകളുടെ ചുമലുകളിൽകൂടി കവച്ചുവച്ച് മുന്നിലേക്കുപോകാൻ ശ്രമിക്കരുത്. രണ്ടോനാലോ റക്അത്ത് സുന്നത്ത് നമസ്കരിച്ച് ദുആ, ഇസ്തിഗ്ഫാർ മുതലായവയിൽ നിരതരാകേണ്ടതാണ്. അനാവശ്യമായി സംസാരിക്കരുത്. ഇമാം ഖുത്ബ തുടങ്ങിയാൽ മൗനമായി ശ്രദ്ധാപൂർവം അത് കേട്ടുകൊണ്ടിരിക്കണം. ഖുത്ബയുടെ അവസരത്തിൽ ആരും സംസാരിക്കരുത്. സംസാരിക്കുന്നവർക്ക് ഖുത്ബ ശ്രവിച്ചതിന്റെ പുണ്യം കിട്ടുകയില്ല.

